പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3325 — 11.05.2017-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർ നിയമനം

ചോദ്യം

ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; നിലവിലെ സബ്എഞ്ചിനീയർ-മാരിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 3492 ; നിലവിൽ സബ്എൻജിനീയർ (ഇലക്ട്രിക്കൽ) മാരായ 3369 പേരും സ്ഥിര ജീവനക്കാരാണ്. |
| (ബി) ഈ തസ്തികയിലേക്ക് പി.എസ്.സി. വഴി നിയമനം നടന്നിട്ടുണ്ടോ; കണക്ക് ലഭ്യമാക്കുമോ; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. 2016-17 കലണ്ടർ വർഷങ്ങളിൽ 30% ക്വാട്ടയിൽ 393 പേർക്കും 10% ക്വാട്ടയിൽ തസ്തികമാറ്റം വഴി 275 പേർക്കും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (സി) സബ് എഞ്ചിനീയർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഏതെല്ലാം തസ്തികകളിൽ നിന്നുള്ളവർക്ക് നിയമനത്തിന് അർഹത യുണ്ട്; അനുപാതം വിശദമാക്കുമോ? | (സി) സബ്എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയ്ക്ക് താഴെയുള്ള എല്ലാ തസ്തികയിലുംപെട്ട, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും, പബ്ലിക് സർവ്വീസ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യതകളും ഉള്ളവർക്ക് നിയമത്തിന് അർഹത ഉണ്ട്. 10% ഇതിനായി നീക്കിവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ